Starred on 21.12.12

## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ : * 271

21..12..2012—ൽ മറുപടിക്ക്

### ബ്ലോക്ക് പഞ്ചായത്തുകളിലെ ക്ഷീരവികസന ഓഫീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. അസീസ് : | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ബ്ലോക്ക് പഞ്ചായത്തുകളുടെ പുന:ക്രമീകരണം മുഖേന പുതുതായി നിലവിൽ വന്ന ബ്ലോക്ക് പഞ്ചായത്തുകളിലെല്ലാം ക്ഷീരവികസന യൂണിറ്റുകൾ നിലവിലുണ്ടോ ; യൂണിറ്റ് ഇല്ലാത്ത ബ്ലോക്ക് പഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ ; | (എ) ഇല്ല. ബ്ലോക്ക് പഞ്ചായത്തുകളുടെ പുന:ക്രമീകരണം മുഖേന പുതുതായി നിലവിൽ വന്ന കാളികാവ് (മലപ്പുറം), പനമരം (വയനാട്), കല്ല്യാശ്ശേരി (കണ്ണൂർ), പാനൂർ (കണ്ണൂർ), പരപ്പ (കാസർഗോഡ്), കാറടുക്ക (കാസർഗോഡ്) എന്നീ ആറു ബ്ലോക്കുകളിൽ ക്ഷീരവികസന യൂണിറ്റുകൾ നിലവിലില്ല. |
| (ബി) ത്രിതല പഞ്ചായത്തുകളിൽ ക്ഷീരവികസന മേഖലയുമായി ബന്ധപ്പെട്ട പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ക്ഷീരവികസന ആഫീസ് ഇല്ലാത്ത ബ്ലോക്കുകളിൽ ബുദ്ധിമുട്ട് നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (സി) പുന:ക്രമീകരണം മൂലം ഇല്ലാതായ ബ്ലോക്കുകളിലെ ക്ഷീരവികസന യൂണിറ്റുകളെ അതാത് |

കോർപ്പറേഷൻ / മുൻസിപ്പാലി റ്റിയിൽ നിലനിർത്തികൊണ്ട് പുതുതായി രൂപം കൊണ്ട ബ്ലോക്കുകളിൽ പുതിയ ഓഫീസും സ്റ്റാഫുകളെയും അനുവദിക്കണമെന്ന് അഭ്യർത്ഥി ച്ചുകൊണ്ടുള്ള ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

| | |
|---|---|
| (ഡി) ബ്ലോക്ക് പഞ്ചായത്തുകളുടെ പുന: ക്രമീകരണത്തിന്റെ ഭാഗമായി ഇല്ലാതായ ബ്ലോക്കുകളിലെ ക്ഷീര വികസന യൂണിറ്റുകൾ പുതുതായി നിലവിൽ വന്ന ബ്ലോക്കുകളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ഡി) നിർത്തലാക്കിയ ബ്ലോക്കുകളുൾപ്പെട്ട പ്രദേശത്തെ ക്ഷീര സഹകരണ സംഘങ്ങളുടെ ഭരണപരമായ കാര്യങ്ങളുടെ നിർവഹണവും ടി പ്രദേശത്തെ ക്ഷീര വികസന പ്രവർത്തനങ്ങൾ നടത്തുവാനും വേറെ ഉദ്യോഗസ്ഥരില്ലാത്തതിനാൽ പ്രസ്തുത ക്ഷീര വികസന യൂണിറ്റുകൾ അതാതു പ്രദേശത്തുതന്നെ നിലനിർത്തുകയും പുതുതായി രൂപീകരിച്ച ബ്ലോക്കുകളിലേയ്ക്ക് പുതിയ ക്ഷീരവികസന യൂണിറ്റുകൾ അനുവദിക്കുന്നതിനുമുള്ള ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ